# കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് നൽകാൻ പദ്ധതി -കേന്ദ്ര കൃഷിമന്ത്രി

മാധ്യമം 30/9/16

● എല്ലാ ജില്ലകളിലും അഗ്രോ പാർക്കുകൾ -മന്ത്രി സുനിൽകുമാർ



കായംകുളം സി.പി.സി.ആർ.ഐയിൽ സംഘടിപ്പിച്ച ദേശീയ കർഷക സംഗമം കേന്ദ്ര കൃഷി മന്ത്രി രാധാ മോഹൻ സിങ് ഉദ്ഘാടനം ചെയ്യുന്നു

**കായംകുളം:** മണ്ണിനെ അറിഞ്ഞ് കൃഷി ചെയ്യാനുതകുന്ന തരത്തിൽ 'സോയിൽ ഹെൽത്ത് കാർഡുകൾ' നൽകുന്നതിനുള്ള പ്രവർത്തനം ഊർജിതമാക്കിയതായി കേന്ദ്ര കൃഷി മന്ത്രി രാധാ മോഹൻ സിങ് പറഞ്ഞു. കൃഷ്ണപുരം സി.പി.സി.ആർ.ഐയിൽ ദേശീയ കർഷക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

2017-18 വർഷത്തിൽ കാർഡുകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ വിജയത്തിനായി പഞ്ചായത്തുകൾ തോറും മണ്ണ് പരിശോധനാ ലാബുകൾ സ്ഥാപിക്കും. നാശോന്മുഖമായ മണ്ണിന്റെ ഫലപുഷ്ടി വീണ്ടെടുക്കാനുള്ള വൻകിട പദ്ധതികൾക്കും സർക്കാർ രൂപംനൽകിയിട്ടുണ്ട്. കേന്ദ്ര ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ സംസ്ഥാനം കൂടുതൽ ശ്രദ്ധപതിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

കാർഷിക വിളകളിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമാണം ലക്ഷ്യമാക്കി 14 ജില്ലകളിലും അഗ്രോ പാർക്കുകൾ സ്ഥാപിക്കുമെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു. വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. നാല് ജില്ലകളിലെ അഗ്രോ പാർക്കുകൾ നാളികേരവുമായി ബന്ധപ്പെട്ടായിരിക്കും. മൂല്യവർധിത ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട് നവംബർ 28ന് ദേശീയ ശിൽപശാലയും സംഘടിപ്പിക്കും. കേന്ദ്ര ഗവേഷക സ്ഥാപനങ്ങൾ സംസ്ഥാന സർക്കാറുമായി സഹകരിച്ച് പോകുന്നതിനുള്ള ഇടപെടൽ കേന്ദ്ര സർക്കാറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

കെ.സി. വേണുഗോപാൽ എം.പി അധ്യക്ഷത വഹിച്ചു. അഗ്രികൾചർ പ്രൊഡക്ഷൻ കമീഷൻ രാജു നാരായണ സ്വാമി, കൃഷി ഡയറക്ടർ ബിജു പ്രഭാകർ, ഐ.സി.എ.ആർ ഡയറക്ടർ ഡോ. പി. ചൗതപ്പ, സി.പി.സി.ആർ.ഐ മേധാവി ഡോ. വി. കൃഷ്ണകുമാർ എന്നിവർ സംസാരിച്ചു. ചടങ്ങിൽ കേരകർഷകർക്കായി വികസിപ്പിച്ചെടുത്ത 'ഇ-കൽപ' മൊബൈൽ ആപ്ലിക്കേഷനും കേരോൽപന്നങ്ങളായ കൽപ ക്രഞ്ച്, കൽപ ഷുഗർ എന്നിവയും നാടിനായി സമർപ്പിച്ചു.


നട്ടെല്ല്-ഡിസ്ക് മുട്ടു-വേദന

ഡിസ്ക്തെറ്റൽ/സ്പോൺഡൈലോസിസ് മൂലം കാലിലേക്കിറങ്ങുന്ന നടുവേദനയും കൈയിലേക്കിറങ്ങുന്ന കഴുത്തുവേദനയും, എല്ല്തേയ്മാനം/വാതം(RA,ESR,ASO, URIC ACID)മൂലം നീരും വേദനയും പിടുത്തവുമുള്ള കൈകാൽ മുട്ടുകൾ,തരിപ്പ് - മരവിപ്പ് - പുകച്ചിൽ:ആയുർവേദ ചികിത്സ എറണാകുളം ചിറ്റൂർ റോഡിൽ ആയു: കെയർസെന്ററിൽ. ഡോ. കെ. മഹേഷ്മേനോൻ MD(Ay) ശനി. 9846272655,04843194849.പരസ്യം

ADMISSION - 2016

MBBS BDS

BAMS BHMS Pharm-D B-Pharm

BTech AGRICULTURE MINING PETROLEUM

VIVA EDUCATION SYSTEMS

TKH Complex, Yogasala Road, Kannur-1

8714500600/ 0497-6050605